ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലിക നിയമനം

165 (3094)ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99-ൽ 9-ാമത്തെ ബാച്ചായി ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പൂർത്തിയാക്കിയവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ താൽക്കാലികമായി നിയമിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത ഉത്തരവ് നൽകിയത്;

(സി) പ്രസ്തുത ഉത്തരവനുസരിച്ച് നിയമനം നൽകുന്നതിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർ കാലതാമസം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(ഡി) അകാരണമായി കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് അനുസരിച്ചുള്ള പ്രസ്തുത നിയമനം അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14.5.1999-ൽ

(സി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ 14.5.99-ലെ ഇ.ജി.3/52252/99/ആർ.വ.ഡ. ഉത്തരവ് പ്രകാരം 14 സ്റ്റെപന്റി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ താൽക്കാലിക നിയമനത്തിനായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് അലോട്ട് ചെയ്യുകയുണ്ടായി. എന്നാൽ 9 ഓപ്പൺ വേക്കൻസി മാത്രമേ ഉള്ളൂ എന്ന് ഡി.എം.ഒ. അറിയിച്ചതിനാൽ 5 പേരെ 30.6.99-ൽ പാലക്കാട്ടേയ്ക്ക് മാറ്റി നിയമിക്കുകയും മറ്റുള്ളവരെ തിരുവനന്തപുരത്ത് നിയമിക്കണമെന്ന് നിർദ്ദേശിക്കുകയും ഉണ്ടായി.എന്നാൽ 21.6.99-ലെ പി.എസ്.സി.യുടെ ഉത്തരവ് പ്രകാരം സ്ഥിരനിയമനത്തിന് ആളെ ലഭ്യമായതിനാൽ അവരുടെ നിയമനത്തിന് ശേഷം ഒഴിവുകളുടെ ലഭ്യതയനുസരിച്ച് മാത്രമേ താൽക്കാലിക ജീവനക്കാരുടെ കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) അകാരണമായ കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പബ്ലിക് സർവ്വീസ് കമ്മീഷൻ ശുപാർശ ചെയ്ത ജീവനക്കാരെ നിയമിച്ചതിന് ശേഷം മാത്രമേ താൽക്കാലിക ജീവനക്കാരുടെ നിയമനകാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

166 (3095)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly